
## ബംഗാളിൽനിന്നുള്ള പാഠങ്ങൾ - 2

# നന്ദിഗ്രാമിൽനിന്നും കേരളത്തിലേക്ക് ഏറെ ദൂരമില്ല

അഡ്വ. ആശ ആർ.കെ.

ഫോട്ടോകൾ : അശോകൻ, കോഴിക്കോട്



**നന്ദിഗ്രാമിൽ** സംഘർഷം നിലനിൽക്കുന്നുവെന്നും രാത്രികളിൽ പ്രത്യേകിച്ച് ബോംബിങ്ങ് ഉണ്ട് എന്നുമുള്ള വാർത്തകളാണ് ഞങ്ങളുടെ നന്ദിഗ്രാമിലേക്കുള്ള യാത്ര വൈകിച്ചതും ഞങ്ങൾ ആദ്യം സിംഗൂർ സന്ദർശിക്കാൻ ഇടയായതും. എന്നാൽ അവസാനം രണ്ടും കല്പിച്ചുള്ള ഒരു യാത്രയ്ക്ക് വളരെ സാഹസികമായി തന്നെ ഞങ്ങൾ തയ്യാറായി. കാരണം നന്ദിഗ്രാമിൽ സമാധാനം വിദൂരഭാവിയിൽ പോലും സാദ്ധ്യമല്ലാത്ത വിധം കൊലപാതകങ്ങൾ ദിനംപ്രതി നടക്കുന്നുവെന്ന വാർത്തകൾ ബംഗാളിലെ പത്രങ്ങൾ പുറത്തുകൊണ്ടുവന്നിരുന്നു. പോകുന്നതിന്റെ തലേദിവസം ഞങ്ങൾ സിപിഐ(എം)ന്റെ കേന്ദ്രകമ്മിറ്റി അംഗമായ സഃ ബിനോയ് കോനാറിനെയും പശ്ചിമബംഗാൾ പ്രതിപക്ഷനേതാവ് പാർത്ഥോസാരഥിയെയും സന്ദർശിച്ചിരുന്നു. കൂടാതെ സംഘർഷഭരിതമായ നന്ദിഗ്രാമിലേക്ക് കേരളത്തിൽനിന്നൊരു ടീം പോകുന്നുണ്ടെന്ന് ആഭ്യന്തരമന്ത്രിയുടെ സെക്രട്ടറിയ്ക്ക് ഫാക്സ് സന്ദേശവും അയച്ചു. അങ്ങനെ 10-4-07ന് ഞങ്ങൾ ഹൗറ റെയിൽവേസ്റ്റേഷനിൽനിന്നും ടാക്സി പിടിച്ച് നന്ദിഗ്രാമിലേക്ക് യാത്ര പുറപ്പെട്ടു. (ഞങ്ങൾ നേരത്തെ പറഞ്ഞേൽപ്പിച്ചിരുന്ന ടാക്സിക്കാരൻ പ്രശ്നങ്ങൾ കൂടുതലാകുന്നു എന്ന വാർത്തകൾ ലഭിച്ചതിനെ തുടർന്ന് നന്ദിഗ്രാമിലേക്ക് വരുവാൻ തയ്യാറായില്ല). യാത്രയിൽ ഞങ്ങൾക്ക് ബംഗാളിഭാഷ തർജ്ജമ ചെയ്തുതരാൻ ഡോക്യുമെന്ററി ഫിലിം മേക്കറായ ബസു ആചാര്യയെയും ജേർണലിസ്റ്റായ സുമൻ ഗാംഗുലിയെയും ചില സുഹൃത്തുക്കൾ വഴി ഏർപ്പാടാക്കിയിരുന്നു. യാത്രയിൽ ഉടനീളം ബംഗാളിലെ സവിശേഷമായും നന്ദിഗ്രാമിലെ സാമൂഹ്യ രാഷ്ട്രീയ പരിസരവും ചരിത്രവും ഞങ്ങൾ ചർച്ചചെയ്തു. 1967-ൽ വടക്കേ ബംഗാളിലെ നക്സൽബാരിയിൽ സിപിഐ(എം)ന്റെ നേതൃത്വത്തിലുള്ള അഖിലേന്ത്യാ കിസാൻ സഭയിലെ ദരിദ്രഭൂരഹിത കർഷകർ നടത്തിയ സമരത്തെ അടിച്ചൊതുക്കിയത് ഐക്യമുന്നണി സർക്കാരിന്റെ ഉപമുഖ്യമന്ത്രി ജ്യോതി ബസുവായിരുന്നു. 1947 ബംഗാളിൽ കർഷകതൊഴിലാളികളുടെ നേതൃത്വത്തിൽ നടന്ന ചരിത്രപ്രസിദ്ധമായ തേഭാഗ സമരത്തിന്റെ (മൂന്നിലൊന്നായി പാട്ടം നിജപ്പെടുത്താനുള്ള) മുഖ്യകേന്ദ്രങ്ങളിൽ ഒന്നായിരുന്നു മേദിനിപ്പൂർ ജില്ലയിലെ നന്ദിഗ്രാം.

ഇത്തരം കലാപങ്ങളുടെയും ദേശീയ പ്രസ്ഥാനത്തിന്റെയും കർഷകപ്രസ്ഥാനത്തിന്റെയും സമരസംസ്കാരം നന്ദിഗ്രാമിലെ ഇപ്പോഴത്തെ കലാപത്തിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. നന്ദിഗ്രാമിലേക്ക് പുറത്തുനിന്നൊരു വാഹനവും കടത്തില്ല എന്നും സന്ദർശകരെ അനുവദിക്കില്ല എന്നും അങ്ങനെ പോകണമെങ്കിൽ പാർട്ടിയുടെ അനുവാദം അനിവാര്യമാണെന്നും ഞങ്ങൾ അറിഞ്ഞിരുന്നു. ഞങ്ങൾ പൂർവ്വമിഡനാപൂർ ജില്ലയിലെ താംലോക്കിൽ എത്തിയപ്പോഴേക്കും സമയം ഉച്ചയ്ക്ക് 2 മണി കഴിഞ്ഞിരുന്നു. ആയതിനാൽ താംലോക്കിലുള്ള സിപിഐ(എം)ന്റെ കിസാൻസഭയുടെ ഓഫീസിനുമുന്നിൽ ഞങ്ങൾ ഇറങ്ങി. ആൾ ഇന്ത്യ കിസാൻ സഭയുടെ ജില്ലാസെക്രട്ടറി അശോക് ഗുരിയയും പശ്ഗുഡാ

പൂർവ്വ നിയോജകമണ്ഡലം എം.എൽ.എ. (സിപിഐ(എം)) അമേയ് സാഹുഌം ഓഫീസിൽ ഞങ്ങളെ പ്രതീക്ഷിച്ച് ഇരുന്നിരുന്നു. ഞങ്ങൾക്ക് മിനറൽ വാട്ടറും കശുവണ്ടിപരിപ്പുംതന്ന് സ്വീകരിച്ചു. നന്ദിഗ്രാമിലെ പ്രശ്നങ്ങളെക്കുറിച്ച് അവർ സംസാരിച്ചു.



## സി.പി.ഐ.(എം) ഭാഷ്യം

'നന്ദിഗ്രാമിലെ 80% ജനങ്ങളും കർഷകതൊഴിലാളികളാണ്. കഴിഞ്ഞ 30 കൊല്ലമായി ഭൂരിപക്ഷം ജനങ്ങളും സിപിഐ(എം) അനുകൂലികളാണ്. നന്ദിഗ്രാമിലെ സ്ഥിരം എം.പി. സിപിഐ(എം) ആണ്. എംഎൽഎ സിപിഐയും. മൂന്ന് പഞ്ചായത്തിലും സിപിഐ(എം) ആണ് ഭരിക്കുന്നത്. തൃണമൂലിന് വളരെ ചെറിയ ശതമാനം സീറ്റുകളെ ഉള്ളൂ. സെക്യുലർ മുസ്ലിം സംഘടനയായ ജമാഅത്തെ ഉലഹാ ഹിന്ദിന്റെ ചെറിയൊരു സാന്നിദ്ധ്യം മാത്രമേയുള്ളൂ. നന്ദിഗ്രാമിലെ കൃഷി ഒറ്റവിളയാണ്. മൺസൂൺ ആശ്രയിച്ചിട്ടാണ് കൃഷി ചെറുതോതിൽ മത്സ്യകൃഷിയുണ്ട്. വെള്ളത്തിന് ലവണാംശവും കൂടുതലാണ്. ഇൻഡോനീഷ്യയിലെ സലീം ഗ്രൂപ്പുമായി ചേർന്ന് നന്ദിഗ്രാമിൽ ഒരു കെമിക്കൽ ഹബ് തുടങ്ങുവാൻ പശ്ചിമബംഗാൾ സർക്കാർ തീരുമാനിച്ചു. ഇതിനെ സംബന്ധിച്ച് ഹർദിയ വികസന അതോറിറ്റിയുടെ ചെയർമാൻ കൂടിയായ സ്ഥലം എം.പി. ലക്ഷ്മൺ സേത് നന്ദിഗ്രാമിലെ 10000 ത്തിലേറെ ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച് നടത്തിയ പ്രസംഗത്തോടെയാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്. പദ്ധതിയുടെ പ്രൊപ്പോസലിന്റെ അടിസ്ഥാന സങ്കല്പങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ വേണ്ട സമയം പാർട്ടിക്കും ഗവൺമെന്റിനും ലഭിച്ചില്ല. ഇത് മുതലെടുത്ത നിരക്ഷരരായ ഗ്രാമീണരെ ജാർഖണ്ഡിൽനിന്നുള്ള മാവോയിസ്റ്റുകളും പ്രതിപക്ഷവും മുസ്ലീം വർഗ്ഗീയ സംഘടനകളും തെറ്റിദ്ധരിപ്പിച്ച് വ്യവസായത്തിന് പ്രതികൂലമാക്കി എന്നാൽ വ്യവസായത്തിനും വികസനത്തിനും അനുകൂലികളായ ധാരാളം പേരുണ്ട് അവിടെ. സ്ത്രീകളെ ഉപദ്രവിച്ചു എന്നതെല്ലാം നുണയാണ്. കലാപകാരികൾ പാലങ്ങൾ തകർക്കുകയും നന്ദിഗ്രാം പിടിച്ചെടുക്കാൻ ശ്രമിക്കുകയും ചെയ്തതിനെ തുടർന്നാണ് പോലീസിനെ വിളിക്കുന്നത്. എന്നാൽ പോലീസിനുനേരെ പ്രകോപനപരമായി പ്രതിഷേധിച്ചവരെ പിരിച്ചുവിടാൻ പോലീസ് ആദ്യം മൈക്ക് അനൗൺസ്മെന്റ് നടത്തുകയും പിന്നീട് കണ്ണീർ വാതകം, റബ്ബർബുള്ളറ്റ് തുടങ്ങിയവയ്ക്കുശേഷം മാത്രമാണ് വെടിവെച്ചത്. സമരക്കാരുടെ കയ്യിൽ ബോംബും തോക്കും ഉണ്ടായിരുന്നു. അവർ ഒരു പഞ്ചായത്ത് മെമ്പറായ ശങ്കർ സാമന്തയെയും മറ്റും കൊല്ലുകയും സ്ത്രീകളെ ബലാത്സംഗം ചെയ്യുകയും പോലീസിനെ അക്രമിക്കുകയും ചെയ്തിരുന്നു. ആയുധമേന്തിയ കലാപകാരികളെയാണ് കർഷകരെയല്ല വെടിവെച്ചത്. ഏകദേശം 14 പേർ വെടിവെപ്പിൽ കൊല്ലപ്പെട്ടതായി അറിയാൻ കഴിഞ്ഞു. ഇതുതന്നെയാണ് സിപിഐ(എം)ന്റെയും ഗവൺമെന്റിന്റെയും ഔദ്യോഗിക റിപ്പോർട്ടിന്റെ ചുരുക്കം.

പാർട്ടി ഓഫീസിൽനിന്നും ഞങ്ങൾ പിന്നീട് നേരെ നന്ദിഗ്രാമിലേക്ക് തിരിച്ചു. നന്ദിഗ്രാമിലെ പ്രധാന സംഘർഷമേഖലയിലേക്ക് പോകുവാൻ ഗവൺമെന്റിനോ പാർട്ടിക്കോ സാദ്ധ്യമല്ലാതായിരിക്കുന്ന അവസ്ഥയാണ്. നന്ദിഗ്രാമിലെ 4-5 പഞ്ചായത്തുകൾ ഉൾപ്പെടുന്ന നന്ദിഗ്രാം ബ്ലോക്ക്-1 എന്ന പ്രദേശത്താണ് കെമിക്കൽ ഹബ് വരുവാൻ ധാരണയായിരിക്കുന്നത്. ഈ മേഖല ഇന്ന് പശ്ചിമബംഗാൾ സർക്കാരിൽനിന്നും വിമോചിതമായ അവസ്ഥയിലാണ്. ഇവിടത്തേക്കുള്ള ഗതാഗത നിയന്ത്രണം സമരക്കാരിലാണ്. ഏകദേശം 5 മണിയോടെ ഞങ്ങൾ സമരകമ്മിറ്റി ഓഫീസിനുമുന്നിൽ എത്തി. എസ്.യു.സി.ഐയുടെയും ടി.എം.സിയുടെയും ജമാഅത്തെ ഉലമ ഹിനിന്റെയും നേതൃത്വത്തിലുള്ള ഭൂമി ഉംചദ് പ്രതിരോധ കമ്മിറ്റി എന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയാണ് ഇന്ന് സമരത്തിന് നേതൃത്വം നൽകുന്നത്. ചില സുഹൃത്തുക്കളുടെ സഹായത്താൽ ഞങ്ങൾ സമരനേതാക്കളുമായി ബന്ധപ്പെടുകയും ഞങ്ങൾക്ക് നന്ദിഗ്രാമിലേക്ക് പ്രവേശിക്കുവാൻ അനുവാദം ലഭിക്കുകയും ചെയ്തു. ഒന്നുരണ്ട് സമരസഖാക്കൾ ഞങ്ങളോടൊപ്പം നന്ദിഗ്രാമിലെ സംഘർഷമേഖലയിലേക്ക് പോന്നു. നേരം ഏറെ വൈകിയതിനാൽ വെടിവെപ്പ് നടന്ന ഭഗംബരാ പാലമോ തൽക്കാത്തി കനാൽ പരിസരമോ ഞങ്ങൾക്ക് സന്ദർശിക്കുവാൻ സാധിക്കുകയില്ല എന്നവർ പറഞ്ഞു.

ഏതാണ്ട് 14-15 കി.മീ യാത്രയുണ്ടായിരുന്ന പ്രധാന സംഘർഷമേഖലയിലേക്ക് ഞങ്ങൾ യാത്ര പുറപ്പെട്ടുവെങ്കിലും റോഡ് തീരെ ഗതാഗതയോഗ്യമല്ലായിരുന്നു. ഇരുവശവും വിശാലമായ വയലും സുന്ദരമായ ഗ്രാമീണതയുമുള്ള ടാറിട്ട നെടുനീളൻ റോഡ് ഇഷ്ടികകളും മൺകട്ടകളും തടികഷ്ണങ്ങളും സിമന്റ് പോസ്റ്റുകളും മറ്റും ഉപയോഗിച്ച് അടച്ചിരിക്കുന്നു. കൂടാതെ മിക്ക ഇടങ്ങളിലും റോഡ് തകർന്നിരിക്കുന്നു. റോഡ് വെട്ടിമുറിച്ച് തോടാക്കിയിരിക്കുകയാണ്. ഓരോ തടസ്സങ്ങളിലും ഞങ്ങൾ വാഹനത്തിൽ നിന്നിറങ്ങി റോഡ്

വൃത്തിയാക്കിയും താൽക്കാലിക പാലങ്ങൾ വെച്ചും ഏറെ കഷ്ടപ്പെട്ടാണ് യാത്ര ചെയ്തത്. ഓരോ ബ്ലോക്ക് എത്തുമ്പോഴും ആളുകൾ ഒന്നിക്കുകയും ഞങ്ങളെ സംശയദൃഷ്ടിയിൽ നോക്കുകയും ആരെന്ന് അന്വേഷിക്കുകയും ചെയ്തിരുന്നു. സമരസഖാക്കളെ കാണുമ്പോൾ അവർ തൊട്ടടുത്ത് സൂക്ഷിച്ചും ഒളിപ്പിച്ചും വെച്ച താൽക്കാലിക പാലങ്ങൾ കൊണ്ടുവന്നും തടസ്സങ്ങൾ നീക്കിയും ഞങ്ങളെ കടത്തിവിട്ടു. അവർ ബംഗാളിയിൽ എന്തൊക്കെയോ ഉറക്കെ ഉറക്കെ സംസാരിച്ചിരുന്നു. കാലിൽ ചുവന്ന ചായം തേച്ച സ്ത്രീകൾ തലയിൽ സാരിയിട്ട് കുട്ടികളുമായി റോഡിലേക്ക് ഇറങ്ങിവന്നിരുന്നു. സൈക്കിൾ ആണ് ഇവിടത്തെയും പ്രധാന വാഹനം. സൂര്യൻ ചുവന്നുതുടുത്ത് വലതുവശത്ത്, ഇടതുഭാഗത്ത് സൂര്യകാന്തി പൂത്തുനിൽക്കുന്ന വയൽ. നെല്ല്, ചണം തുടങ്ങി പലതരത്തിലുള്ള വിളകൾ ഞങ്ങൾ ഈ പാടശേഖരത്തിൽ കണ്ടു. ഓരോ കവലയും ഓരോ ചന്തകളാണ്. രാവിലെ മുതൽ ഉച്ചവരെ വയലിൽ പണിയെടുത്ത് ഉച്ചക്കുശേഷം വിശ്രമിക്കുകയും പിന്നീട് വൈകുന്നേരം ചന്തകളിൽ ചരക്കുവില്പനയും മറ്റ് അവശ്യസാധനങ്ങളുടെ വാങ്ങലുകൾക്കുമായി പുറത്ത് ഇറങ്ങുകയും ചെയ്യുന്ന സ്വഭാവമാണ് ഈ കർഷകതൊഴിലാളികൾക്ക്. വഴിയിൽ രണ്ട് പോലീസ് ജീപ്പുകൾ കത്തിയമർന്ന് കിടന്നിരുന്നു. സോനാചൂരാ ബസാർ എന്നിടത്ത് എത്തിയപ്പോഴേക്കും ഇരുൾ വീണിരുന്നു. അവിടെയെങ്ങും വൈദ്യുതി ഉണ്ടായിരുന്നില്ല. ഭംഗാഭേർ പാലവും തൽഹട്ടി കനാലും സോനാചൂരായിൽനിന്നും ഏറെ അകലെയല്ല. എന്നാൽ ഇരുട്ടിയതിനെ തുടർന്ന് ഞങ്ങളെ അങ്ങോട്ടേക്ക് കടത്തിവിട്ടില്ല. സോനാചൂരയിൽ ഞങ്ങൾ ഇറങ്ങി. ഒരു സമ്മേളനത്തിന് വിളിച്ചുചേർത്തതുപോലെ നൂറുകണക്കിന് മനുഷ്യർ ഞങ്ങൾക്ക് ചുറ്റും കൂടി. ആരോ പോയി ഭൂമി ഉമേദ് പ്രതിരോധ കമ്മിറ്റിയിലെ അഞ്ചംഗ നേതാക്കളിൽ ഒരാളായ നന്ദപത്രു എന്നയാളെ വിളിച്ചുകൊണ്ടുവന്നു. ഒരു കടത്തിണ്ണയിലായി ഞങ്ങൾ അയാളോടൊപ്പം ഇരുന്നു. അയാളുടെ നിർദ്ദേശാനുസരണം മുഴുവൻ ജനങ്ങളും ഞങ്ങളുടെ ചുറ്റുമിരുന്നു. വിളക്കിന്റെ വെളിച്ചത്തിൽ ശാന്തവും ഗൗരവതരവുമായ ശബ്ദത്തിൽ അയാൾ സംസാരിച്ചുതുടങ്ങി. നന്ദപത്രു പറഞ്ഞത് ഇതായിരുന്നു.

2007 ഡിസംബർ 29ന് സ്ഥലം എം.പിയായ ലക്ഷ്മൺസേത് ഒരു ലോക്കൽ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചതിൽ നന്ദിഗ്രാമിലെ 10000 ലേറെ ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുക്കുമെന്നാണ് അറിയിച്ചത്. തുടർന്ന് 2007 ജനുവരി 3-ന് കാളിചരൺപൂർ പഞ്ചായത്ത് ഓഫീസിൽ ഇതുസംബന്ധിച്ച വിജ്ഞാപനം പതിപ്പിച്ചു. ഇതിനെത്തുടർന്ന് ജനങ്ങൾ ജാഗരുകരാവുകയും അന്നുതന്നെ ജാഥയായി കാളിചരൺപൂർ പഞ്ചായത്ത് ഓഫീസിൽ പൊതുനിവേദനം നൽകുവാനായി ചെന്നു. എന്നാൽ ഇവരുടെ നേരെ പോലീസ് ലാത്തിച്ചാർജ്ജും കണ്ണീർവാതക പ്രയോഗവും വെടിവെപ്പും നടത്തി. സ്ത്രീകളും കുട്ടികളുമടക്കമുള്ള ധാരാളം പേർക്ക് പരിക്ക് ഏൽക്കുകയും വെടിവെപ്പിനെ തുടർന്നുണ്ടായ ഷോർട്ട് സർക്യൂട്ടിൽ പോലീസ് ജീപ്പ് കത്തുകയും ചെയ്തു. തുടർന്ന് ജനുവരി 5-ന് ഭൂമി ഉചേദ് പ്രതിരോധി കമ്മിറ്റി രൂപീകരിക്കുന്നു. വ്യവസായത്തിന് അനുകൂലികളായ സിപിഐ(എം)കാരും അല്ലാത്തവരും തമ്മിൽ സംഘർഷം തുടങ്ങുന്നു. സിപിഐ(എം) പഞ്ചായത്തുമെമ്പറും സമ്പന്ന ഭൂവുടമയുമായ ശങ്കർസാമന്തയുടെ വീട്ടിൽ ആയുധങ്ങൾ ഒളിച്ച്വെച്ചിരിക്കുന്നുവെന്ന വിവരം ലഭിക്കുന്നു. ജനങ്ങൾ നടത്തുന്ന സമരത്തിന് നേരെ ശങ്കർസാമന്തയുടെ ആളുകൾ വെടിവെച്ചതിനെ തുടർന്ന് 7-1-2007ന് ഭരത്മണ്ഡൽ, വിശ്വജീത്മൈത്തി, ഷേക്സലീം തുടങ്ങിയവർ കൊല്ലപ്പെടുന്നു. ഇതോടെ ആക്രമാസക്തമായ ജനക്കൂട്ടം



സാമന്തയുടെ വീട് ആക്രമിക്കുകയും അയാളുടെ കളപ്പുര കത്തിക്കുകയും അയാളെ അതിലേക്ക് വലിച്ചെറിഞ്ഞ് ചുട്ടുകൊല്ലുകയും ചെയ്യുന്നു. തുടർന്ന് നന്ദിഗ്രാം ബ്ലോക്ക് ഒന്ന് മുഴുവനുമായി ഭൂമി പ്രതിരോധ് കമ്മിറ്റി പിടിച്ചെടുക്കുന്നു. വ്യവസായ അനുകൂലികളായ സിപിഎം പ്രവർത്തകർ നന്ദിഗ്രാമിൽനിന്നും തൊട്ടടുത്ത ഖജൂരിയിലേക്ക് പോകുന്നു. നന്ദിഗ്രാമിനെയും ഖജൂരിയെയും വേർതിരിക്കുന്ന തൽക്കാട്ടി കനാലിലെ പാലമാണ്. ഭംഗാഭേരി പാലം. ഈ പാലവും നന്ദിഗ്രാമുമായി ബന്ധപ്പെടുന്ന മറ്റ് പാലങ്ങളും റോഡുകളും തകർത്തും ഗതാഗത യോഗ്യമല്ലാതാക്കിയും നന്ദിഗ്രാം സമരക്കാർ പൂർണ്ണമായി പിടിച്ചെടുക്കുന്നു.

*(തുടരും)*

*ബ്യൂട്ടി ബിൽഡിംഗ്, അയ്യന്തോൾ, തൃശൂർ-3*
*ഫോൺ : 9447441996, ashaunnithan@gmail.com*